1611
22/7/17

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 07.07.2017-ലെ സ.ഉ. (സാധാ) നം. 2972/2017/റവന്യൂ നമ്പർ ഉത്തരവ് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്

ജി.ഒ. (ആർ.റ്റി.) നമ്പർ : 3168/2017/റവ. തിരുവനന്തപുരം തീയതി, 21.07.2017.

പരാമർശം:- 1. 07.07.2017-ലെ സ.ഉ. (സാധാ) നം. 2972/2017/റവന്യൂ നമ്പർ ഉത്തരവ്.
2. 27.05.2016-ൽ കുമാരി ഹരിത ഹരിദാസ്, മഞ്ചേരിപറമ്പിൽ വീട്, കറുത്തമ്മാട്ടിൽ, ചോപ്പനക്കാവ്, വള്ളിക്കുന്ന്, മലപ്പുറം സമർപ്പിച്ച അപേക്ഷ.

## ഉത്തരവ്

മലപ്പുറം, വള്ളിക്കുന്ന്, ചോപ്പനക്കാവ്, കറുത്തമ്മാട്ടിൽ, മഞ്ചേരിപറമ്പിൽ വീട്, കുമാരി ഹരിത ഹരിദാസിന്, ടിയാളുടെ ചികിൽസയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം 1-ലെ ഉത്തരവ് പ്രകാരം 10,000/- രൂപ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ടി തുക അപര്യാപ്തമാണെന്നും തുക വർദ്ധിപ്പിച്ച് നൽകണമെന്നും ആവശ്യപ്പെട്ട് ടിയാൾ പരാമർശം 2 പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം, വള്ളിക്കുന്ന്, ചോപ്പനക്കാവ്, കറുത്തമ്മാട്ടിൽ, മഞ്ചേരിപറമ്പിൽ വീട്, കുമാരി ഹരിത ഹരിദാസിന് പരാമർശം 1-ലെ ഉത്തരവ് പ്രകാരം അനുവദിച്ച 10,000/- രൂപ (പതിനായിരം രൂപ മാത്രം) 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയാക്കി വർദ്ധിപ്പിച്ചും പ്രസ്തുത ഉത്തരവിലെ ആകെ തുകയായ 7,30,000/- (ഏഴ് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) എന്നത് 10,20,000/- (പത്ത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ടും പരാമർശം 1-ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ ഭേദഗതികളോടെ പരാമർശം 1 പ്രകാരമുള്ള സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ.,
ഡെപ്യൂട്ടി സെക്രട്ടറി.

ജില്ലാ കളക്ടർ, മലപ്പുറം.
തഹസിൽദാർ, തിരൂരങ്ങാടി.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.